# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.62 — 13.06.2012 -ൽ മറുപടിക്ക്

## മാതൃകാ ഇ.എസ്.ഐ. ആശുപത്രികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ; | (എ) എല്ലാ ഇ.എസ്.ഐ. സ്ഥാപനങ്ങളും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. IP -കൾക്ക് പഹാചാൻ കാർഡ് സൗകര്യം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും അനുബന്ധ ഡിസ്പെൻസറികളിലും ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സ്വകാര്യ ആശുപത്രികളെ സ്പെഷ്യാലിറ്റി / സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾക്കായി എംപാനൽ ചെയ്തിട്ടുള്ളതിനാൽ ഇ.എസ്. ഐ. ആശുപത്രിയിൽ നിന്നുള്ള റഫറൽ ലെറ്റർ ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് എംപാനൽ ആശുപത്രികളിൽ നിന്നും പണം നൽകാതെ ചികിത്സ ലഭിക്കുന്നു. |
| (ബി) ഓരോ ജില്ലയിലേയും ഓരോ ഇ.എസ്.ഐ ആശുപത്രിയെ എങ്കിലും കൂടുതൽ വിദഗ്ധ ചികിത്സ ലഭിക്കുന്ന തരത്തിൽ മാതൃകാ ആശുപത്രികളാക്കി ഉയർത്തി കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) ഇപ്പോൾ കോഴിക്കോട് ജില്ലയിലെ ഫെറോക്ക് ആശുപത്രി മോഡൽ ആശുപത്രിയായി ഉയർത്തുന്നതിന് മാത്രമാണ് പദ്ധതിയുള്ളത്. |

സെക്ഷൻ ഓഫീസർ